തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ടെർമിനലിന്റെ പ്രവർത്തനം

29 (1570) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനലിലൂടെ നിലവിൽ വിമാന സർവ്വീസുകൾ നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ സൗകര്യങ്ങൾ

30 (1571) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനു ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ മേഖലയിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദീകരിക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

കോഴിക്കോട് വിമാനത്താവളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ

31 (1572) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ നവീകരണ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രതികൂല കാലാവസ്ഥയിലും രാത്രിയിലും വിമാനമിറങ്ങുന്നതിന് എന്തെല്ലാം പുതിയ സജ്ജീകരണങ്ങൾ ഇതിനകം ഏർപ്പെടുത്തി എന്നും, ഭാവിയിൽ ഏതെല്ലാം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തുമോ ;

(സി) മംഗലാപുരം വിമാനദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇറിടത്തെ സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാരംഭഘട്ടത്തിലാണ്

(ബി) നിലവിൽ താഴെപ്പറയുന്ന സംവിധാനങ്ങളുണ്ട്.

1. ILS RWY28

2. DVOR

3. NDB

4. ILS RWY

5. Digital current weather Indicating system at RWY28 and Distant Indicating Wind Equipment at RWY10

6. Approach lighting system

7. RWY lighting system

ഭാവിയിൽ റൺവേയുടെ രണ്ടറ്റത്തും automatic Weather observing system ഏർപ്പെടുത്തുവാൻ പദ്ധതിയുണ്ട്.

(സി) ഉണ്ട്. അടിക്കടിയുള്ള പരിശോധനകളും പുരോഗതിയുടെ വിശകലനവും നടത്തുന്നുണ്ട്.

കോഴിക്കോട് വിമാനത്താവള റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി

32 (1573) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവള റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) സ്ഥാപിച്ച തെരുവു വിളക്കുകൾക്ക് വൈദ്യുതി ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ഉന്നതതല യോഗം ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ആവശ്യമെന്നുകണ്ടാൽ ഇക്കാര്യം ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly